**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ടചോദ്യം നം.*151 13.06.2019 ൽ മറുപടിക്ക്

**ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, വി.ടി.ബൽറാം | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; | (എ) | സമഗ്രവും അടിസ്ഥാനപരവുമായ പരിഷ്കാരങ്ങളാണ് ആരോഗ്യ മേഖലയിൽ ഈ സർക്കാർ ലക്ഷ്യമിടുന്നത്. പ്രാഥമിക തലം മുതൽ ത്രിതീയതലം വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളെ ആധുനികവും രോഗീ സൗഹൃദവുമാക്കി മാറ്റാനുള്ള പരിശ്രമങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കി രോഗീസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ **'ആർദ്രം പദ്ധതി'** രൂപീകരിച്ച് ഘട്ടംഘട്ടമായി ആരോഗ്യ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും മെച്ചപ്പെട്ട സേവനം ലഭ്യമാക്കി വരുന്നു. ഒരു കുടുംബത്തിലെ എല്ലാപേർക്കും, എല്ലാവിധ അസുഖങ്ങളുടെയും പ്രാഥമിക ചികിത്സയും, ആരോഗ്യ പരിചരണവും ആണ് ഈ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നത്. കേരളത്തിൽ ഇന്നിപ്പോൾ വലിയ ആരോഗ്യ പ്രശ്നങ്ങളായി മാറിയ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ |

| | | | |
|---|---|---|---|
| | | | രോഗങ്ങൾക്കുള്ള ക്ലിനിക്കുകളും, ആസ്ത്മ, മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രത്യേക സേവനങ്ങളും ഇവിടങ്ങളിൽ നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് ലാബ് സർവ്വീസുകൾ ലഭ്യമാക്കുകയും, അധിക ഡോക്ടർമാരെയും സ്റ്റാഫ് നേഴ്സുമാരെയും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി സേവനസമയം വൈകിട്ട് 6 മണി വരെ ദീർഘിപ്പിക്കുകയും, സേവന മേഖലകൾ വിപുലപ്പെടുത്തുകയും ചെയ്തു. ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയുമൊക്കെ അധികമായി വേണ്ട സ്ഥലങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും ദേശീയ ആരോഗ്യ ദൗത്യം മുഖേനയും താല്ക്കാലികമായി നിയമിക്കുന്നുമുണ്ട്.<br>ടോക്കൺ സംവിധാനങ്ങൾ, രജിസ്ട്രേഷൻ കൗണ്ടർ രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ, ആരോഗ്യബോധവത്ക്കരണത്തിനുള്ള ആധുനിക സംവിധാനങ്ങൾ, നഴ്സുമാർ വഴിയുള്ള പ്രീ-ചെക്കപ്പ്, സ്വകാര്യതയുള്ള പരിശോധന മുറികൾ, ജീവിതശൈലീരോഗ ക്ലിനിക്, ശ്വാസ് (ശ്വാസം മുട്ടലിന്), ആശ്വാസ് (മാനസിക ആരോഗ്യപരിചരണം) ക്ലിനിക്കുകൾ തുടങ്ങിയ വഴി വലിയൊരു മാറ്റത്തിന് തുടക്കമിട്ടുകഴിഞ്ഞു. രോഗചികിത്സക്ക് മാത്രമല്ല, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, സാന്ത്വന പരിചരണം, റീഹാബിലിറ്റേഷൻ എന്നിവയെല്ലാം അടങ്ങുന്ന സമഗ്ര പ്രാഥമിക ആരോഗ്യപരിചരണമാണ് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 170 ആരോഗ്യ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് ഇവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രം എന്ന തലത്തിലേക്ക് കൊണ്ടുവരുന്നതോടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കുവാനും സാധാരണ ചികിത്സാ സേവനങ്ങൾക്ക് വേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നത് ഒഴിവാക്കുവാനും സാധിക്കുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി 504 ആരോഗ്യ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നു. എല്ലാ ജില്ലയിലെയും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശക്തിപ്പെടുത്താനും, ഓരോ താലൂക്കിലെയും ഓരോ ആശുപത്രിയെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടന്നു വരികയാണ്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിടസൗകര്യങ്ങളും, ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച കഴിഞ്ഞു. കിഫ്ബി, പ്ലാൻഫണ്ട്, നബാർഡ്, എം.എൽ.എ, എം.പി ആസ്തി വികസനഫണ്ട് തുടങ്ങിയവ വഴി ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇവിടങ്ങളിലേക്ക് വേണ്ട അധിക |

| | | | |
|---|---|---|---|
| | | | ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൂപ്പർ സ്പെഷ്യാലിറ്റി കേഡർ സംസ്ഥാനത്ത് രൂപീകരിക്കുകയും ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത്ലാബ് സൗകര്യങ്ങളും, നെഫ്റോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. എട്ട് ജില്ലാതല ആശുപത്രികളിലും, രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കിഫ്ബി വഴിയുള്ള കാത്ത്ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. രണ്ട് ജില്ലാ ആശുപത്രികളിലും, മഞ്ചേരി മെഡിക്കൽ കോളേജിലും കാത്ത് ലാബുകൾ ഇതിനകം പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. ഇതേ സ്കീമിൽ ഉൾപ്പെടുത്തി താലൂക്ക് തല ആശുപത്രികളിൽ 44 ഡയാലിസിസ് കേന്ദ്രങ്ങൾ അധികമായി സജ്ജമാക്കുന്ന പ്രക്രിയയും പൂർത്തിയായി വരികയാണ്. സ്ട്രോക്ക് ക്ലിനിക്കുകൾ, ജില്ലാ ക്യാൻസർ കെയർ പരിചരണം തുടങ്ങിയ വഴിയും ജില്ലാ/താലൂക്ക് തല ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിപുലപ്പെട്ടു വരികയാണ്.<br>പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ പ്രത്യേക പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഡെങ്കി, ചിക്കൻഗുനിയ തുടങ്ങിയ കൊതുക പരത്തുന്ന രോഗങ്ങളുടെ നിരീക്ഷണത്തിനായി 30 സെന്റിനൽ സർവ്വയലൻസ് സെന്ററുകൾ വിവിധ |

| | | | |
|---|---|---|---|
| | | | ആശുപത്രികളിലായി പ്രവർത്തിച്ച വരുന്നു.<br>കുഷ്ഠരോഗ നിർമ്മാജ്ജന പരിപാടിയുടെ ഭാഗമായി എല്ലാ കുഷ്ഠരോഗ ബാധിതരെയും കണ്ടെത്തി ചികിത്സക്ക് വിധേയരാകുന്ന 'അശ്വമേധം' കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി ഊർജിതമായി നടപ്പിലാക്കി വരുന്നു.<br>കോട്ടയം, എറണാകുളം, തിരുവനന്തപുരം, വയനാട് , തൃശ്ശൂർ , പത്തനംതിട്ട (കോന്നി) മെഡിക്കൽ കോളേജുകൾ, മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ റിസേർച്ച് സെന്റർ, വിവിധ ജില്ലകളിലെ ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികൾ എന്നിവയുടെ വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ച വരുന്നു.<br>സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ 'ഈ - ഹെൽത്ത്' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇ- ഹെൽത്ത് സൗകര്യങ്ങൾകൂടി സജ്ജമാകുന്നതോടെ ഭാവിയിൽ രോഗികളുടെ വിവരങ്ങൾ കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് രോഗികളുടെ വിവരങ്ങളും ലാബ് റിസൾട്ടുകളുമൊക്കെ എളുപ്പം ലഭ്യമാക്കാനും, ആശുപത്രികൾക്ക് പരസ്പരം കൈമാറാനും രോഗചികിത്സകൾ കൂടുതൽ ശാസ്ത്രീയമാക്കാനും കഴിയുന്നതാണ്.<br>ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഓപ്പറേഷൻ തീയേറ്ററുകൾ, അനസ്തേഷ്യാ, ഡെർമ്മറ്റോളജി, ഇ.എൻ.ടി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, |

| | | | |
|---|---|---|---|
| | | | പീഡിയാട്രിക്സ്, റേഡിയോളജി, ലബോറട്ടറി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ പുതിയ ഉപകരണങ്ങൾ ഉൾപ്പെടുത്തി നവീകരിച്ച് വരുന്നുണ്ട്. കൂടാതെ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ / ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അനസ്തീഷ്യ, ഇ.എൻ.ടി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നിവ തുടങ്ങുന്നതിനായുള്ള ഉപകരണങ്ങളും, ആശുപത്രി ഫർണീച്ചർ, കിടക്കകൾ, തലയിണകൾ വാങ്ങുന്നതിനും, ജനറേറ്റർ, എയർകണ്ടീഷൻ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന കാത്ത് ലാബ് സൗകര്യങ്ങൾ ജില്ലാ /ജനറൽ ആശുപത്രികളിൽ ആരംഭിച്ചു. നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോളിന് വേണ്ടി വിവിധങ്ങളായ പരിപാടികളാണ് ഈ ഗവൺമെന്റ് ആരംഭിച്ചത്, അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കാൻസർ വ്യാപനം തടയുക എന്നതാണ്. കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കും വിധം മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി, ഓങ്കോപത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേയ്ക്ക് അധിക |

| | | | |
|---|---|---|---|
| | | | തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി ക്യാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഇതോടൊപ്പം അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള കിഫ്ബി ധനസഹായത്തോടുകൂടിയുള്ള 385 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിലുള്ള ആശുപത്രികളിൽ ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാം നടപ്പിലാക്കിയതു വഴി ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോതെറാപ്പി സൗകര്യം രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചും എം.ആർ.ഐ. ഉൾപ്പടെയുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചും അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ചും പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചും പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചും മെഡിക്കൽ കോളേജിലെ ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരിപ്പള്ളിയിൽ മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചു. ഇതു കൂടാതെ കണ്ണൂർ പരിയാരത്തു പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന RSBY, |

| | | | |
|---|---|---|---|
| | | | CHIS, CHIS PLUS, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 01-04-2019 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിയുടെ ഗുണഭോക്താക്കളായ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങൾക്കും കൂടി വർഷം തോറും 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയാണ് ഉറപ്പ് വരുത്തുന്നത്.<br>സംസ്ഥാനത്ത് കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും & നിയന്ത്രണവും) ആക്ട് 01.01.2019-ൽ പ്രാബല്യത്തിൽ വന്നു. ഇതിൻ പ്രകാരം 9 ജില്ലകളിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. ആദ്യഘട്ടത്തിൽ മോഡേൺ മെഡിസിൻ സ്ഥാപനങ്ങളുടെ (ദന്ത ചികിത്സ ഉൾപ്പടെ) രജിസ്ട്രേഷൻ ആണ് നടക്കുന്നത്. മറ്റ് ചികിത്സാ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്ഥാപങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ കൂടി ഉടനടി ആരംഭിക്കുന്നതാണ്.<br>ആരോഗ്യ മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിഷ്കാരങ്ങൾ മൂലം പൊതുജനങ്ങൾക്ക് പുതുതായി ലഭ്യമാക്കിയ സേവനങ്ങൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ വഴി ആകെ 1 കോടി 33 ലക്ഷം പേരെ സ്ക്രീനിംഗിന് വിധേയമാക്കുകയും പുതുതായി 8.9 ലക്ഷം പ്രമേഹ രോഗ ബാധിതരെയും 10.1 ലക്ഷം രക്താദിസമ്മർദ്ദം ഉള്ളവരെയും 3.08 ലക്ഷം പ്രമേഹവും രക്താദി സമ്മർദ്ദവും ഉള്ളവരെയും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്ത് 14 ജില്ലാ ആശുപത്രികളിലും |

| | | | |
|---|---|---|---|
| | | | 100 എഫ്.എച്ച്.സി.കളിലും ശ്വാസ് ക്ലിനിക്, 14 ജില്ലാ ആശുപത്രികളിലും 16 എഫ്.എച്ച്.സി.കളിലും റെറ്റിനോപ്പതി ക്ലിനിക്, 8 ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ക്ലിനിക് എന്നിവ പ്രവർത്തനസജ്ജമാക്കി രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകി വരുന്നു. ഇതു കൂടാതെ സംസ്ഥാനത്ത് പ്രവർത്തന സജ്ജമായ 23 ക്യാൻസർ ക്ലിനിക്കുകൾ വഴി 62,000 പേർക്ക് കീമോ തെറാപ്പി നൽകുകയും 3,000 ത്തിലധികം പുതിയ ക്യാൻസർ കേസുകൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം വൈകിട്ട് 6 വരെ ദീർഘിപ്പിക്കുകവഴി ജനങ്ങൾക്ക് അധിക സമയം സേവനം നൽകാൻ കഴിയുന്നുണ്ട്. അധിക ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരുടെയും സേവനം ലഭ്യമാക്കുകവഴി നഴ്സസ് പ്രിചെക്ക്, എൻ.സി.ഡി ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ട് രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്ക്, ഡിപ്രഷനും മാനസികാരോഗ്യ പരിചരണത്തിനുമുള്ള ആശ്വാസം ക്ലിനിക്, സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി, തുടങ്ങിയ സേവനങ്ങളും ലാബ് സൗകര്യവും കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കി വരുന്നു.<br><br>രോഗീ സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ടോക്കൺ സംവിധാനം, മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യം, ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ, സ്വകാര്യതയുള്ള പരിശോധനാമുറികൾ, തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒ.പി പരിവർത്തനത്തിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിലും ലഭ്യമാക്കി വരികയാണ്.<br><br>ആൻജിയോപ്ലാസ്റ്റി, കാത്ത് ലാബ് സൗകര്യങ്ങളോടെ ഹൃദ്രോഗ ചികിത്സയും മറ്റ് പ്രധാന സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാ തല ആശുപത്രികളിലും, ഡയാലിസിസ് സൗകര്യങ്ങളടക്കം കൂടുതൽ സ്പെഷ്യാലിറ്റി പരിചരണങ്ങൾ താലൂക്ക് തല ആശുപത്രികളിലും ലഭ്യമാക്കാൻ കഴിയുന്നുണ്ട്. ആശുപത്രികളിലെ മാതൃ-ശിശുപരിചരണ വിഭാഗങ്ങളും നവജാത ശിശു പരിചരണ യൂണിറ്റുകളും എൻ.എച്ച്.എം സഹായത്തോട് കൂടി ശക്തിപ്പെടുത്തിക്കൊണ്ടും മെച്ചപ്പെട്ട സേവനങ്ങൾ നൽകാനും മാതൃമരണനിരക്കും ശിശുമരണനിരക്കും കുറക്കുന്ന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും കഴിയുന്നുണ്ട്.<br><br>ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം, ഹൃദ്യം പദ്ധതി തുടങ്ങിയവ വഴി നവജാത ശിശുക്കളുടെ മരണനിരക്ക് കുറക്കുന്നതിനും രോഗാതുരത കുറക്കുന്നതിനും കഴിയുന്നുണ്ട്. വിവിധങ്ങളായ ജീവിത ശൈലിരോഗങ്ങൾ ഉള്ളവരെ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കാനും ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയ സങ്കീർണ്ണതകൾ കുറക്കാനും കഴിയുന്നതാണ്. ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാം മുഖേന ആർ.സി.സി, എം.സി.സി, എം.സി.എച്ച് എന്നിവിടങ്ങളിലെ തിരക്ക് കുറക്കാനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ അതാത് ജില്ലകളിൽ ലഭ്യമാക്കാനും കഴിയുന്നുണ്ട്. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളും ജീവനക്കാർക്കുള്ള പരിശീലന പരിപാടികളും ലഭ്യമാക്കുക വഴി ഗുണമേന്മയുള്ള ചികിത്സാ സേവനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്.<br><br>നിലവിൽ സർക്കാർ ആശുപത്രികളിലൂടെ സൗജന്യ വിതരണം നടത്തുന്ന അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ട ജനറിക് മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കും പുറമെ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ രോഗ ചികിത്സയ്ക്ക് അത്യന്താപേഷിതവുമായി വരുന്ന വിലകൂടിയ ചിലയിനം മരുന്നുകൾ പ്രിസ്ക്രിപ്ഷനിലൂടെ പുറത്തു നിന്നു വാങ്ങുവാൻ എഴുതി നൽകാറുണ്ട്. ഈ സാഹചര്യം ഒഴിവാക്കി രോഗികൾ വഹിക്കേണ്ടതായ ഈ ചിലവ് പരമാവധി കുറയ്ക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഇത്തരം രോഗചികിത്സയ്ക്ക് അത്യന്താപേഷിതമായ മരുന്നുകളുടെ പട്ടിക വിദഗ്ധ ഡോക്ടർമാരുടെ യോഗം ചേർന്ന് തയ്യാറാക്കി ടി മരുന്നുകളെ സ്പെഷ്യാലിറ്റി ജനറിക് മരുന്നുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ വഴി സൗജന്യമായി വിതരണം നടത്തി വരുന്നു. ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തിയും സേവനങ്ങളെ പുനർ നിർണ്ണയിച്ചും സംസ്ഥാനത്ത് ആർദ്രം പദ്ധതി ആരംഭിച്ചതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ |

| | | | |
|---|---|---|---|
| | | | എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് മുന്നിൽക്കണ്ട് ദർഘാസ് വ്യവസ്ഥകൾ പാലിച്ചുകൊണ്ടുതന്നെ വാർഷിക ഇൻഡന്റിന്റെ അളവിന്മേൽ 25% മരുന്നുകൾ കൂടി അധികമായി സംഭരിച്ച് അധിക ആവശ്യകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികൾ നല്ല നിലവാരത്തിലേക്ക് ഉയർത്തിയെന്ന് അവകാശപ്പെടുമ്പോഴും പൊതുജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളെ പല സേവനങ്ങൾക്കും ആശ്രയിക്കേണ്ടിവരുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | സർക്കാർ ആശുപത്രികളെയും മറ്റ് ആരോഗ്യ സംവിധാനങ്ങളെയും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾ വഴി ഘട്ടംഘട്ടമായി ശക്തിപ്പെടുത്തി വരികയാണ്. ഇതു വഴി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കാനും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം കുറച്ചുകൊണ്ടു വരാനും കഴിയുന്നുണ്ട്. ഒരു ദീർഘകാല പ്രവർത്തന പരിപാടിയുടെ ഭാഗമായി മാത്രമേ ഈ ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളൂ. |
| (ഡി) | സർക്കാർ ആശുപത്രികളെ കൂടുതൽ രോഗീ സൗഹൃദമാക്കുന്നതിനും എല്ലാത്തരം ചികിത്സാ സൗകര്യങ്ങളും താലൂക്ക് തലം വരെയുള്ള സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കി ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളെയും രോഗീ സൗഹൃദമാക്കുന്നതിനും അതിന്റെ ഭാഗമായി താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്.<br>ആർദ്രം മിഷന്റെ ആദ്യവർഷം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തിരഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് പുറമേ രണ്ടാം വർഷം തിരഞ്ഞെടുത്ത 504 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | ബാക്കിയുള്ള മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 2019-20-ലെ എൻ.എച്ച്.എം പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>മെഡിക്കൽ കോളേജുകളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കൽ ഇതിനകം പൂർത്തിയാക്കുകയും (കോട്ടയത്ത് അഡീഷണൽ വർക്കുകൾ അവസാന ഘട്ടത്തിലാണ്) ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. ഓരോ ജില്ലയിലെയും രണ്ടു വീതം താലൂക്ക്തല ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കാനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ഈ സർക്കാർ ആരോഗ്യ മേഖലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

## ആരോഗ്യ വകുപ്പ്

ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ്, ദേശീയ ആരോഗ്യ മിഷൻ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയവ വഴി മാസ്റ്റർ പ്ലാന് ഊന്നൽ കൊടുത്തുകൊണ്ടുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളാണ് വിവിധ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നത്. എം.ആർ.ഐ, സി.റ്റി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയ ആധുനിക ആശുപത്രി ഉപകരണങ്ങളും ചികിത്സാ സംവിധാനങ്ങളും ആരോഗ്യ വകുപ്പിന്റെ വിവിധ പ്ലാൻ ഫണ്ടുകൾ, കിഫ്ബി, എൻ.എച്ച്.എം. ഫണ്ട് തുടങ്ങിയവ വഴി ലഭ്യമാക്കി ചികിത്സാ സംവിധാനങ്ങൾ ആധുനികവൽക്കരിച്ചു വരുന്നു.

മാതൃശിശു ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് വഴിയും, എൻ.എച്ച്.എം. ഫണ്ട് വഴിയും നടപ്പാക്കി വരുന്നു.

ആർദ്രം മിഷന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടേതടക്കം വിവിധ വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചും ആവശ്യമായ പരിശീലനങ്ങൾ നൽകികൊണ്ടും ആശുപത്രി സേവനങ്ങൾ ശക്തിപ്പെടുത്തി വരുന്നുണ്ട്.

ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളും (സ്റ്റാന്റഡൈസേഷൻ ഓഫ് ഹോസ്പിറ്റൽസ്) മെഡിക്കൽ കോളേജ്/ജില്ലാ/താലൂക്ക് ആശുപത്രികളിലെയും ഒ.പി. വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും (ഒ.പി. ട്രാൻസ്ഫോർമേഷൻ) നടന്നു വരുന്നു.

## ലിംബ് ഫിറ്റിംഗ് സെന്ററുകൾ

സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലിംബ് ഫിറ്റിംഗ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനായി 2018 - 2019 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ അനുവദിക്കുകയും ഇത് അതത് ജില്ലാ

മെഡിക്കൽ ഓഫീസർമാർ വഴി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ ശാക്തീകരണത്തിനായി 2018 - 19 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ അനുവദിച്ചതിൽ 250 ലക്ഷം രൂപ വിവിധ പി.എം.ആർ. യൂണിറ്റുകളിൽ പി. എം. ആർ. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് വകയിരുത്തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഉപകരണങ്ങൾ വാങ്ങി നൽകിയും വരുന്നു. ഇത് കൂടാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പി.എം.ആർ. യൂണിറ്റിനോടനുബന്ധിച്ച് പുതിയ ബ്രെയിൻ ആന്റ് സ്പൈൻ സെന്റർ തുടങ്ങുന്നതിന് 250 ലക്ഷം രൂപ അനുവദിക്കുകയും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക നാഷണൽ ഹെൽത്ത് മിഷന് നൽകുകയും ചെയ്തിട്ടുണ്ട്.

ലബോറട്ടറികൾ

2018-2019 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ 40.26 കോടി രൂപയുടെ വിവിധ ലാബ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനം

സർക്കാർ ആശുപത്രികൾ പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ പരിപാലിക്കുന്നതിനായി ചിട്ടയോടുകൂടിയതും ശാസ്ത്രീയമായ ഖര-ജല മാലിന്യ സംസ്കരണത്തിനായി ഒരു സ്കീം 2018 - 2019 സാമ്പത്തിക വർഷത്തിൽ ആരോഗ്യവകുപ്പിന്റെ ബഡ്ജറ്റിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. ഇതു പ്രകാരം ജനറൽ ആശുപത്രി തലശ്ശേരി, താലൂക്ക് ആശുപത്രി ചാലക്കുടി, ജനറൽ ആശുപത്രി പാറശ്ശാല, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി മട്ടാഞ്ചേരി എന്നിവിടങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റ് ആരംഭിക്കുന്നുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം ആശുപത്രിയിൽ ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

കാത്ത് ലാബ്-ഹൃദ്രോഗ ചികിത്സ

സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, മഞ്ചേരി, തൃശ്ശൂർ, ആലപ്പുഴ, കാഞ്ഞിരപ്പള്ളി, ജില്ലാ ആശുപത്രി കൊല്ലം, കണ്ണൂർ. കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ കാത്ത് ലാബ് നിർമ്മിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ ജില്ലാ ആശുപത്രി കൊല്ലം. ജനറൽ ആശുപത്രി പത്തനംതിട്ട, മഞ്ചേരി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ പ്രവർത്തനം ഇതിനോടകം തന്നെ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-2017 സാമ്പത്തിക വർഷത്തിൽ കാത്ത്

ലാബിനായി 1,100 ലക്ഷം രൂപ ജനറൽ ആശുപത്രി കോഴിക്കോടിനും 2017-2018 സാമ്പത്തിക വർഷത്തിൽ 1.200 ലക്ഷം രൂപ കാത്ത് ലാബിനായി ജില്ലാ ആശുപത്രി മാനന്തവാടിയ്ക്കും, ഐ.സി.യു. സ്ഥാപിക്കുന്നതിനായി താലൂക്ക് ആശുപത്രി അടിമാലിയ്ക്കും അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. 2018-2019 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 5,27,56,487/- രൂപ കാത്ത് ലാബിന്റെ ശാക്തീകരണത്തിനായി ജനറൽ ആശുപത്രി, എറണാകുളം, പാലക്കാട്, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകിയിട്ടുണ്ട്.

<u>വൃക്കരോഗ ചികിത്സ-ഡയാലിസിസ്</u>

പൊതുജനാരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിന് കേരളത്തിൽ 84 സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2019 -ഓടെ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാക്കും. ഈ സ്ഥാപനങ്ങളിൽ വളരെ കുറഞ്ഞ ചെലവിൽ 400 - 600 രൂപ വരെ നിരക്കിൽ ഡയാലിസ്സിസ് സൗകര്യം ലഭ്യമാക്കുന്നുണ്ട്. കൂടാതെ 2018 - 2019 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികളിൽ ഡയാലിസ്സിസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയുണ്ട്.

2017 - 2018 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രി നെടുങ്ങോലം, താലൂക്ക് ആശുപത്രി വർക്കല, താലൂക്ക് ആശുപത്രി കട്ടപ്പന, താലൂക്ക് ആശുപത്രി അടിമാലി, താലൂക്ക് ആശുപത്രി ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഡയാലിസ്സിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2019 -ഓടു കൂടി ഇതു പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് ആകെ ജനസംഖ്യയുടെ 5-7 ശതമാനം പേർ ക്രോണിക് കിഡ്നി ഡിസ്സീസ് ഉള്ളവരാണ്. അനിയന്ത്രിതമായ ഡയബെറ്റിക്സ്, രക്തസമ്മർദ്ദം എന്നിവയാണ് പ്രധാന കാരണം. ഇത് ക്രോണിക് കിഡ്നി ഡിസ്സീസ് എന്ന അവസ്ഥയുണ്ടാകുന്നു. ഇവർക്ക് കിഡ്നി മാറ്റിവയ്ക്കേണ്ട അവസ്ഥയുണ്ടാക്കുന്നു. അനുയോജ്യമായ കിഡ്നി ലഭിക്കാത്തതുകൊണ്ടും സാമ്പത്തിക പരാധീനതകൊണ്ടും ഇതിൽ അധികം പേർക്കും ഡയാലിസ്സിസ് എന്ന ചികിത്സാ രീതി സ്വീകരിക്കേണ്ടി വരുന്നു. ഇപ്പോൾ പ്രവർത്തനത്തിലുള്ള ഡയാലിസ്സിസ് സെന്റർ മുഖേന 2994 പേർക്ക് ചികിത്സ ലഭ്യമാക്കുന്നു. 2019 -ൽ കൂടുതൽ ഡയാലിസ്സിസ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതോടു കൂടി 6000 പേർക്ക് ഡയാലിസ്സിസ് നൽകുവാൻ സാധിക്കുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ (നെഫ്രോളജിസ്റ്റ്) ലഭ്യത ഉള്ളതുകൊണ്ട് ഇപ്പോൾ Acute kidney injury-യ്ക്ക് Nephrologists-നെ നിയമിച്ചിട്ടുള്ള ജനറൽ ആശുപത്രികൾ വഴി ഡയാലിസ്സിസ് നൽകുവാൻ സാധിക്കുന്നുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ 44 ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നിശ്ചയിച്ചതിൽ 37

കേന്ദ്രങ്ങളുടെ പ്രവർത്തി പൂർത്തിയായി, മറ്റുള്ളവയുടെ പ്രവർത്തി അന്തിമഘട്ടത്തിലാണ്. ഇതിന് പുറമെ 22 ആശുപത്രികളിലായി 100 ഡയാലിസിസ് യൂണിറ്റുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ട്രോമ കെയർ

വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ ജില്ലാ ആശുപത്രി/ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. 2015-2016 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് 249.953 ലക്ഷം രൂപ ഉപയോഗിച്ച് ചുവടെ പരാമർശിച്ചിരിക്കുന്ന ആശുപത്രികളിൽ ട്രോമ കെയർ ഉൾപ്പെട്ട അത്യാഹിത വിഭാഗംമറ്റ് അത്യാഹിതങ്ങളായ Heart attack, Pulmonary edema, Acute severe Asthmas, Snake bite, Poisoning, Drowning എന്നിവ കൈകാര്യം ചെയ്യുന്നതിനും അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**2015-2016 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിച്ചു**

1. ജനറൽ ആശുപത്രി, ആറ്റിങ്ങൽ
2. താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര
3. താലൂക്ക് ആശുപത്രി, കാഞ്ഞങ്ങാട്
4. താലൂക്ക് ആശുപത്രി, പുനലൂർ
5. താലൂക്ക് ആശുപത്രി, കൊല്ലം
6. താലൂക്ക് ആശുപത്രി, കായംകുളം — സി.റ്റി. സ്കാൻ വാങ്ങുന്നതിന് തുക അനുവദിച്ചു

**2016-2017 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച്**

| | |
|---|---|
| താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 88.3 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| താലൂക്ക് ആശുപത്രി, ചാലക്കുടി | സി.റ്റി. സ്കാൻ വാങ്ങുന്നതിന് 11.42 കോടി രൂപ അനുവദിച്ചു |
| ജില്ലാ ആശുപത്രി, കൊല്ലം | 4,03,576/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |

## 2017-2018 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച്

| | |
|---|---|
| ജനറൽ ആശുപത്രി, അടൂർ | 70,00,000/- രൂപ (ഇൻഫ്രാസ്ട്രക്ച്ചർ) |
| താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 4,35,35,480/- (സി.ടി. സ്കാനർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും) |
| താലൂക്ക് ആശുപത്രി, നീണ്ടകര | 1,55,37,758/- (കാഷ്വാലിറ്റി ബ്ലോക്ക്) |
| താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 1,93,86,762/- (സി.ടി. സ്കാനർ) |
| താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 65,00,000/- (ഫാബ്രിക്കേഷൻ വർക്ക്) |

## 2018-2019 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന്

ജില്ലാ ആശുപത്രി, കൊല്ലം - 1,80,48,800/-
ജനറൽ ആശുപത്രി, നെയ്യാറ്റിൻകര - 1,25,86,820/-
ജില്ലാ ആശുപത്രി, നെടുമങ്ങാട് - 37,46,400/-
ജനറൽ ആശുപത്രി, ആലപ്പുഴ - 1,53,87,980/-
ജില്ലാ ആശുപത്രി, പാലക്കാട് - 1,60,00,000/-

റോഡ് സേഫ്റ്റി ഫണ്ട് തുക ഉപയോഗിച്ച് (2.56 കോടി രൂപ ) താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ, ആംബുലൻസ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

താലൂക്ക് ആശുപത്രി, ഹരിപ്പാട് - ഉപകരണങ്ങൾ
താലൂക്ക് ആശുപത്രി, പയ്യന്നൂർ - ഉപകരണങ്ങൾ
താലൂക്ക് ആശുപത്രി, വടകര- ആംബുലൻസ്
താലൂക്ക് ആശുപത്രി, കോട്ടപ്പുറം- ആംബുലൻസ്
താലൂക്ക് ആശുപത്രി, പത്തനംതിട്ട- ആംബുലൻസ്
താലൂക്ക് ആശുപത്രി, ചാലക്കുടി - ആംബുലൻസ്
താലൂക്ക് ആശുപത്രി, ആലത്തൂർ- ആംബുലൻസ്
താലൂക്ക് ആശുപത്രി, കരുനാഗപ്പള്ളി- ആംബുലൻസ്
ജനറൽ ആശുപത്രി, അടൂർ - ഉപകരണങ്ങൾ
താലൂക്ക് ആശുപത്രി, അടിമാലി - ഉകരണങ്ങൾ
താലൂക്ക് ആശുപത്രി, ആലുവ - ഉപകരണങ്ങൾ
താലൂക്ക് ആശുപത്രി, കുഴൽമന്ദം - ഉപകരണങ്ങൾ
താലൂക്ക് ആശുപത്രി, മഞ്ചേരി - ഉപകരണങ്ങൾ
താലൂക്ക് ആശുപത്രി, കാസർഗോഡ് - ഉപകരണങ്ങൾ
താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ - ഉപകരണങ്ങൾ

2015-2016 -ലെ ഫണ്ട് ഉപയോഗിച്ച് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർക്ക് എമർജൻസി മെഡിക്കൽ കെയർ എന്ന വിഷയം സംബന്ധിച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

National Trauma Care Fund ഉപയോഗിച്ച് ജനറൽ ആശുപത്രി എറണാകുളം കണ്ണൂർ എന്നിവിടങ്ങളിൽ ട്രോമോകെയർ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

ഇതു കൂടാതെ KSTP മുഖേന Safe Corridor പദ്ധതി പ്രകാരം എം.സി. റോഡിലെ അടൂർ - കഴക്കൂട്ടം റോഡിൽ ജനറൽ ആശുപത്രി അടൂർ, താലൂക്ക് ആശുപത്രി കൊട്ടാരക്കര, പ്രാഥമികാരോഗ്യ കേന്ദ്രം വാമനപുരം, സാമൂഹികാരോഗ്യ കേന്ദ്രം കന്യാകുളങ്ങര എന്നീ സ്ഥാപനങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും രണ്ട് ആംബുലൻസുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

<u>മാതൃശിശു ക്ഷേമം</u>

പ്രസവം നടക്കുന്ന ആശുപത്രികളിൽ മാതൃമരണ നിരക്ക് കുറയ്ക്കുന്ന പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളിലെ പ്രസവമുറിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും ഗൈനക്കോളജിസ്റ്റിനും പരിശീലനം നൽകി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ പ്രസവം നടത്തുന്ന ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വരുന്നു. ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, സിസേറിയൻ കിറ്റ് എന്നിവ നടപ്പിലാക്കി.

ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ പ്രസവം നടക്കുന്ന ആശുപത്രികളിൽ ആധുനിക മെഡിക്കൽ ഉപകരണങ്ങൾ നൽകി.

2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കേരളമൊട്ടാകെയുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എൻ.എച്ച്.എം. മുഖേന 315.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് 213.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തോടെ എല്ലാ ജില്ലകളിലും മാനസികാരോഗ്യ പരിപാടി നടപ്പിലാക്കി. ഇത് വഴി 25,000-ൽ പരം രോഗികൾക്ക് അവരുടെ വീടിനു അടുത്തു തന്നെ മാനസിക രോഗ ചികിത്സ ലഭ്യമാക്കുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായ സമഗ്രമാനസികാരോഗ്യ പദ്ധതിയിൻ കീഴിൽ മാനസിക രോഗികൾക്കുള്ള 29 പകൽ വീടുകൾ പ്രവർത്തിച്ചുവരുന്നു. അവർക്കുള്ള ചികിത്സ, തൊഴിലധിഷ്ഠിത പുനരധിവാസം എന്നിവ ഇവിടെ നൽകി വരുന്നു.

ഇതിനു പുറമെ 'സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി' വഴി ആശമാരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങൾ, വൈകല്യങ്ങൾ, രോഗങ്ങൾ,

ലഹരിവസ്തുക്കളുടെ ഉപയോഗം, കുട്ടികളുടേയും കൗമാരക്കാരുടേയും മാനസിക പ്രശ്നങ്ങൾ, ആത്മഹത്യ പ്രവണത, മറവിരോഗം, വിഷാദരോഗം തുടങ്ങിയവയ്ക്ക് എല്ലാം ചികിത്സ ലഭ്യമാക്കുന്നതിനായി ഓരോ പഞ്ചായത്തിലും 50 മുതൽ 120 രോഗികളെ വരെ ഈ പദ്ധതിയിലൂടെ ചികിത്സയിലേക്ക് കൊണ്ട് വരാൻ കഴിയുന്നുണ്ട്. ഈ പദ്ധതി വഴി രോഗികൾക്ക് അവരുടെ പഞ്ചായത്തിൽ തന്നെ മനോരോഗ ചികിത്സ ഉറപ്പാക്കുന്നു

സമൂഹത്തിൽ 5-10 ശതമാനം വരെ ജനങ്ങൾക്ക് വിഷാദ രോഗം ഉണ്ടെന്ന് പഠനങ്ങൾ പറയുന്നു. ഇത് പ്രാഥമികാരോഗ്യ തലത്തിൽ തന്നെ കണ്ടെത്തി ചികിത്സ നൽകുവാൻ ആശ്വാസം എന്ന പേരിൽ 2017 ലോകാരോഗ്യ ദിനത്തിൽ സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദ ചികിത്സാ പദ്ധതി നടപ്പിലാക്കി കൂടാതെ സർക്കാർ മാതൃ-ശിശു മാനസികാരോഗ്യ സംരക്ഷണ പദ്ധതി - 'അമ്മ മനസ്സ്' എന്ന പേരിൽ നടപ്പിലാക്കുവാൻ വേണ്ട പ്രാരംഭ നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

<u>അമൃതം ആരോഗ്യം പദ്ധതി</u>

ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ മാത്രം ലഭിച്ചിരുന്ന സേവനങ്ങൾ ഉൾപ്പെടുത്തി സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏറെ സങ്കീർണ്ണവും ചിലവേറിയതുമായ പക്ഷാഘാത ചികിത്സ സൗജന്യമായി നൽകുന്നതിന് സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്ക് കോറോണറി കെയർ യൂണിറ്റുകൾ ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. നേത്രപടലാന്ധത കണ്ടെത്തുന്നതിന് നോൺമെഡ്രിയാടിക് ക്യാമറകൾ എല്ലാ ജില്ലാ ആശുപത്രികളിലും പ്രവർത്തന ക്ഷമമാണ്. പെരിറ്റോണിയൽ ഡയാലിസിസ് (സി.എ.പി.ഡി.) യൂണിറ്റുകൾ മൂന്ന് ജില്ലാ ആശുപത്രികളിൽ ആരംഭിക്കുകയും മറ്റു ജില്ലകളിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഗുരുതര ശ്വാസകോശരോഗമായ സി.ഒ.പി.ഡി. നിർണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ശ്വാസ് ക്ലിനിക്കുകൾ ജില്ലാ ആശുപത്രികളിലും തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിലും ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്ക്, വൃക്കരോഗനിർണയ ക്ലിനിക്, ഫിസിയോതെറാപ്പി, പുകയില വിമുക്ത സേവനം എന്നിവയും ജില്ലാ ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്നു.

<u>ദേശീയ ബധിരത നിവാരണ നിയന്ത്രണ പദ്ധതി</u>

എൻ.പി.പി.സി.ഡി. (നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻറ് കൺട്രോൾ ഓഫ് ഡെഫ്നെസ്സ്) എന്ന പദ്ധതി നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ചെവിയും കേൾവിയും ബന്ധപ്പെട്ട രോഗങ്ങൾ നിർണയിക്കുവാനും നിയന്ത്രിക്കുവാനും ഉള്ളതാണ്. കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ ഫണ്ട് ഉപയോഗിച്ച് ഇതു പ്രവൃത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട ഒരു ജനറൽ ആശുപത്രിയോ ഒരു ജില്ലാ ആശുപത്രിയോ കേന്ദ്രമാക്കി ഈ പദ്ധതി പ്രവർത്തിച്ചുവരുന്നു 14

കേന്ദ്രങ്ങളിലും നാഷണൽ പ്രോഗ്രാം ഫോർ പ്രിവെൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ്സ് എന്ന പ്രോഗ്രാമിനു വേണ്ടി നിയമിതരായ ഉദ്യോഗസ്ഥരുണ്ട്. ചെവിയുടെ ശസ്ത്രക്രിയയിൽ വിദഗ്ധരായ ഒരു ഇ.എൻ.ടി. സ്പെഷ്യലിസ്റ്റ് ഡോക്ടറും 3 ഓഡിയോളജി സ്റ്റാഫും ആണ് ഉദ്യോഗസ്ഥരായിട്ടുള്ളത്. ഈ പ്രോഗ്രാമിന്റെ ശരിയായ പ്രവർത്തനത്തിനു വേണ്ടിയുള്ള ഉപകരണങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ഫണ്ട് മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വിതരണം പൂർത്തീകരിക്കുകയും താലൂക്ക് ആശുപത്രികളിലേക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.), പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.) കളിലേക്കും വേണ്ട ഉപകരണങ്ങളുടെ കൈമാറ്റം നടത്തുകയും ചെയ്തുവരുന്നു.

പ്രാഥമികാരോഗ്യ തലത്തിൽ മാതൃ-ശിശു ആരോഗ്യ സേവനങ്ങളുമായി പ്രവർത്തിക്കുന്ന ജെ.പി.എച്ച്.എൻ., പി.എച്ച്.എൻ., സ്റ്റാഫ് നേഴ്സുമാർ, ഡോക്ടർമാർ എന്നിവർക്ക് ഈ പദ്ധതിയിൻ പ്രകാരം പരിശീലനം നൽകുന്നു. അതിൻപ്രകാരം ഗർഭിണിയായിരിക്കുമ്പോഴും, പ്രസവാനന്തരം കുഞ്ഞിന്റെ പ്രതിരോധ കുത്തിവെയ്പ്പിന്റെ സമയങ്ങളിലും അമ്മമാർക്ക് മാനസിക പ്രശ്നങ്ങളുടെ പരിശോധന പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തുന്നു. മാനസിക പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തുന്ന പക്ഷം അവർക്ക് അതിനുള്ള ചികിത്സ നൽകുകയും കൂടുതൽ ബുദ്ധിമുട്ടുള്ളവരെ മാനസികാരോഗ്യ ചികിത്സയ്ക്കായി ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ നടത്തുന്ന ക്ലിനിക്കുകൾ റഫർ ചെയ്യുന്നു.

നിലവിൽ സർക്കാർ ആശുപത്രികളിലൂടെ സൗജന്യ വിതരണം നടത്തുന്ന അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ട ജനറിക് മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കും പുറമെ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ രോഗ ചികിത്സയ്ക്ക് അത്യന്താപേക്ഷിതവുമായി വരുന്ന വിലകൂടിയ ചിലയിനം മരുന്നുകൾ പ്രിസ്ക്രിപ്ഷനിലൂടെ പുറത്തു നിന്നു വാങ്ങുവാൻ എഴുതി നൽകാറുണ്ട്. ഈ സാഹചര്യം ഒഴിവാക്കി രോഗികൾ വഹിക്കേണ്ടതായ ഈ ചിലവ് പരമാവധി കുറയ്ക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഇത്തരം രോഗചികിത്സയ്ക്ക് അത്യന്താപേക്ഷിതമായ മരുന്നുകളുടെ പട്ടിക വിദഗ്ധ ഡോക്ടർമാരുടെ യോഗം ചേർന്ന് തയ്യാറാക്കി ടി മരുന്നുകളെ സ്പെഷ്യാലിറ്റി ജനറിക് മരുന്നുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ വഴി സൗജന്യമായി വിതരണം നടത്തി വരുന്നു. ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തിയും സേവനങ്ങളെ പുനർ നിർണ്ണയിച്ചും സംസ്ഥാനത്ത് ആർദ്രം പദ്ധതി ആരംഭിച്ചതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് മുന്നിൽക്കണ്ട് ദർഘാസ് വ്യവസ്ഥകൾ പാലിച്ചുകൊണ്ടുതന്നെ വാർഷിക ഇൻഡന്റിന്റെ അളവിന്മേൽ

25% മരുന്നുകൾ കൂടി അധികമായി സംഭരിച്ച് അധിക ആവശ്യകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രം ആക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കാനുള്ള പ്രവർത്തങ്ങൾക്കു തുടക്കം കുറിച്ചു. എറണാകുളം മെഡിക്കൽ കോളേജിന് 368.75 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു

തിരുവനന്തപുരം മെഡിക്കൽ കോളേജിന് 717 കോടിയുടെ പദ്ധതിക്ക് KIIFB വഴി അംഗീകാരം നൽകി ആദ്യ ഘട്ടമെന്ന നിലയിൽ 58 കോടി രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു

കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു SPV ആയി HLL, INKEL എന്നിവരെ ചുമതലപ്പെടുത്തി.

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ (നിലവിലുള്ളവയിൽനിന്ന് അധികമായി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 72-ഉം , 75-ഉം പി. ജി സീറ്റുകൾ കൂടി MCI-യുടെ അംഗീകാരത്തോടെ ലഭ്യമാക്കി.

എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.കൾ വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. എസ്.എ.ടി.യിൽ പീഡിയാട്രിക് കാർഡിയോളജി, റീ-പ്രൊഡക്ടീവ് മെഡിസിൻ, പീഡിയാട്രിക് നെഫ്രോളജി മുതലായ സ്പെഷ്യാലിറ്റി കോഴ്സുകൾ തുടങ്ങാൻ വേണ്ട തസ്തികകൾ അനുവദിച്ചു. സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ DM Endocrinology കോഴ്സ് ആരംഭിച്ചു.

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ 'പേഷ്യന്റ് ഫ്രണ്ട്‌ലി ട്രാൻസ്ഫെർമേഷൻ ഓഫ് ഔട്ട് പേഷ്യന്റ് സർവ്വീസ്' എന്ന പദ്ധതിക്കായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിലേക്ക് 4 കോടി വീതം ചെലവഴിച്ച് സി.റ്റി. സിമുലേറ്റർ വാങ്ങുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ DM Nephrology കോഴ്സ് ആരംഭിച്ചു. 12 കോടി രൂപ ചെലവിൽ എം. ആർ. ഐ സ്കാൻ സ്ഥാപിച്ചു. കേരളത്തിൽ ആദ്യമായി ഡെന്റൽ വിഭാഗത്തിൽ തിരുവനന്തപുരം ഡെന്റൽ കോളേജിനോട് അനുബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി ആരംഭിക്കാൻ അനുമതി നൽകി.

കേരളത്തിൽ ആദ്യമായി ബി.എസ്.സി. ഡയാലിസിസ് ടെക്നോളജി കോഴ്സ്

ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കാൻ അനുമതി നൽകി

ആലപ്പുഴ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു.

സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് അഞ്ച് മെഡിക്കൽ കോളേജുകളിലേക്ക് 721 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചു

കാൻസർ സെൻററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിൽസാ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കും വിധം മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേക്കായി 105 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ ട്രോമ കെയർ സംവിധാനത്തിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിന് 11.27 കോടി രൂപയുടെ കോമ്പ്രിഹെൻസീവ് ഭരണാനുമതി നൽകുകയും ആദ്യ ഘട്ടമായി 7.5 കോടി രൂപ അനുവദിക്കുകയും ചെയ്തു. മികച്ച ട്രോമകെയർ പരിശീലനത്തിന് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന 10 കോടി രൂപയുടെ അത്യാധുനികസൗകര്യങ്ങളോടു കൂടിയ സ്റ്റേറ്റ് ഓഫ് ദ ആർട്ട് സിമുലേഷൻ സെന്ററിന്റെ MoU-വും, പ്രൊപ്പോസലും അംഗീകരിക്കാനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി 106 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനക്ഷമമാക്കി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതിപ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ ഒ.പി..യിൽ ടോക്കൺ സംവിധാനവും അപ്പോയിന്റ്മെന്റ് സംവിധാനവും ഏർപ്പെടുത്തി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു

കോട്ടയം മെഡിക്കൽ കോളേജിൽ 5.31 കോടി രൂപ മുടക്കി പുതിയ സി. ടി സ്കാൻ സ്ഥാപിച്ചു.

കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സംവിധാനത്തോടുകൂടിയ പുതിയ അത്യാഹിത വിഭാഗം (36 കോടി ) ബ്ലോക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു

കോട്ടയം മെഡിക്കൽ കോളേജിൽ 3.30 കോടി രൂപയ്ക്ക് ഡി.എസ്.എ മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി നൽകി

കോട്ടയം മെഡിക്കൽ കോളേജിൽ എം.ആർ.ഐ സ്കാൻ വാങ്ങാൻ അനുമതി നൽകി

കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർമാർക്കു മാത്രമായി ഒ.പി. സംവിധാനം ആരംഭിച്ചു

കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു

കോട്ടയം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 17 അധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്

ആലപ്പുഴ മെഡിക്കൽ കോളേജിൽ 21.47 കോടി രൂപ മുതൽ മുടക്കിൽ സ്റ്റേറ്റ് ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിച്ചു

ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 12 കോടി രൂപ ചെലവിൽ എം.ആർ.ഐ സ്ഥാപിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരുകോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി ക്യാൻസർ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സ പുനഃസ്ഥാപിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ക്യാൻസർ രോഗികൾക്കായി കീമോ ഡേ കെയർ സെന്റർ പണികഴിപ്പിച്ചു. സി. ടി സ്കാനർ സ്ഥാപിച്ചു

മഞ്ചേരി മെഡിക്കൽ കോളേജിൽ ക്യാൻസർ നിർണ്ണയത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങാൻ 99 ലക്ഷം രൂപ അനുവദിച്ചു. ഇ.എൻ.റ്റി. എച്ച്.ഡി. സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രഫി എന്നീ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചു

മഞ്ചേരി മെഡിക്കൽ കോളേജിൽ റെസിഡെൻഷ്യൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപക-അനധ്യാപക ക്വാട്ടേഴ്സ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ (103.86 കോടി രൂപ) പുരോഗമിച്ചുവരുന്നു. ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു

മഞ്ചേരി മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നതിന്റെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ഉപകരണങ്ങളായ വെന്റിലേറ്റർ, കളർ ഡോപ്ലർ, ഇക്കോ കാർഡിയോഗ്രാഫി, അൾട്രാ സൗണ്ട് സ്കാനർ, മാമ്മോഗ്രാഫി മെഷിനും അനുബന്ധ ഉപകരണങ്ങളും, സി.ടി. സ്കാനർ, ഹൈ എൻഡ് -അൾട്രാ സോണോഗ്രാം, EEG, EMG, ഫീറ്റൽ റേഡിയോളജി യൂണിറ്റ് തുടങ്ങിയ ഒട്ടനവധി

ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും 8 കോടി രൂപ മുതൽ മുടക്കി കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ന്യൂറോളജി വിഭാഗം ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞു.

എറണാകുളം മെഡിക്കൽ കോളേജിൽ 8 കോടിരൂപ ചെലവഴിച് കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു

എറണാകുളം മെഡിക്കൽ കോളേജിൽ തസ്തികകൾ സൃഷ്ടിച്ച്, നെഫ്രോ, കാർഡിയോ, ന്യൂറോ വിഭാഗങ്ങൾ ഉൾപ്പടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിൽ എം.ആർ.ഐ ഉൾപ്പടെയുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഇമേജ് സെന്റർ നിർമ്മിക്കാൻ 25 കോടി രൂപയുടെ അനുമതി നൽകി.

കോഴിക്കോട് മെഡിക്കൽ കോളേജിൽ 44.50 കോടി രൂപ ചിലവിൽ ടെർഷ്യറി കാൻസർ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു

കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 5. 8 കോടി രൂപ ചെലവിൽ സ്പെക്ട് സിടി ഗാമ ക്യാമറയും റേഡിയോളജി വിഭാഗത്തിൽ ആറുകോടി രൂപ ചെലവിൽ അത്യാധുനിക 128 സ്ലൈസ് കാർഡിയാക് സിടി സ്കാനും സ്ഥാപിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ മോളിക്കുലാർ ഡയഗ്നോസ്റ്റിക്സ് ഫെസിലിറ്റി ക്രമീകരിക്കുന്നതിനായി 1.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 8 കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിക്കുന്ന കാത്ത് ലാബിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടക്കുന്നു

പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 2.5 കോടി രൂപ ചെലവഴിച്ച് സിടി സ്കാൻ സ്ഥാപിച്ചു.

**ആയുഷ് വകുപ്പ്**

ആയുഷ് മേഖലയിൽ വലിയ വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ 3 വർഷക്കാലം നടന്നത്. ആയുഷ് വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി 157 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര ആയുർവേദ പഠന ഗവേഷണ കേന്ദ്രം (ഐ. ആർ. ഐ. എ)

കേരളത്തിലെ ആയുർവേദ മേഖലയുടെ ശാക്തീകരണത്തിനും ഈ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ഒരു അന്താരാഷ്ട്ര ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന് 2016 – 17 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 2016 - 17-ൽ 20 ലക്ഷം രൂപയും, 2017-18-ൽ 500 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 2018 - 19-ലെ ബഡ്ജറ്റിൽ ഇതിനായി 600 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പഠന ഗവേഷണ കേന്ദ്രം കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കല്യാട് വില്ലേജിൽ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ തറക്കല്ലിടൽ 2019 ഫെബ്രുവരിയിൽ നടന്നു.

## ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ് (IAC – 2018)

അന്താരാഷ്ട്ര തലത്തിൽ ആയുർവേദത്തിനും, ഇതര ആയുഷ് സമ്പ്രദായങ്ങൾക്കും കേരളം പുകൾപെറ്റതാണ്. വിവിധ രോഗങ്ങൾക്കുള്ള ആയുർവേദ ചികിത്സക്കും, ആരോഗ്യ സംരക്ഷണ സൗഖ്യ ചികിത്സാ രീതികൾക്കും കേരളത്തെ ഭൂപടത്തിൽ തന്നെ അടയാളപ്പെടുത്തിയിരിക്കുന്നു. ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ ശാസ്ത്രീയമായ അടിത്തറ വിപുലപ്പെടുത്താനും, ലോകസമക്ഷം പ്രസിദ്ധപ്പെടുത്തുവാനുമുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ്.

ആയുഷ് ചികിത്സ സമ്പ്രദായങ്ങളിൽ അധിഷ്ഠിതമായ വെൽനസ് ടൂറിസം മേഖലയിൽ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനും വെൽനസ്സ് ചികിത്സ രംഗത്തെ വിദഗ്ധരെ കേരളത്തിന് പരിചയപ്പെടുത്താനും, ആയുർവേദം, യോഗ, പ്രകൃതി ചികിത്സ, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയുടെ വിവിധ ചികിത്സ രീതികൾ ലോകമെങ്ങും പരിചയപ്പെടുത്താനും, അവയെ ശക്തിപ്പെടുത്താനും ആയുഷ് കോൺക്ലേവ് സംഘടിപ്പിച്ചു. 2019 ഫെബ്രുവരി തിരുവനന്തപുരത്ത് കോൺക്ലേവ് നടന്നു.

## യോഗ & നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട്

സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഒരു യോഗ & നാച്ചുറോപ്പതി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനാവശ്യമായ 15 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുണ്ട്. തറക്കല്ലിടൽ 2018 ൽ ഡിസംബറിൽ നടന്നു.

## യുനാനി ഇൻസ്റ്റിറ്റ്യൂട്ട്

ഉത്തര മലബാറിൽ ഒരു പുതിയ 'യുനാനി ഇൻസ്റ്റിറ്റ്യൂട്ട് ' ആരംഭിക്കണമെന്ന നിരന്തരമായ ആവശ്യത്തിന്റെ പശ്ചാത്തലത്തിൽ ഇത് സംബന്ധിച്ച് വിശദമായ പ്രപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും, കേന്ദ്ര ആയുഷ് മന്ത്രാലയം പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ യുനാനി ആശുപത്രി ആരംഭിക്കുകയും ചെയ്തു.

## എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സ സ്ഥാപങ്ങൾ

പുതുതായി 4 പഞ്ചായത്തുകളിൽ കൂടി സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചതോടുകൂടി എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ ഉള്ള സംസ്ഥാനമായി കേരളം മാറി.

## ആയുർവേദ സ്പോർട്സ് ആശുപത്രി

സ്പോർട്സുമായി ബന്ധപ്പെട്ട വിദഗ്ധ ചികിത്സക്കായി ഒരു ആയുർവേദ സ്പോർട്സ് ആശുപത്രി തൃശ്ശൂർ ജില്ലയിൽ ഉദ്ഘാടനം ചെയ്തു. ആയുർവേദ സ്പോർട്സ് ചികിത്സക്ക് മാത്രമായി ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഇത്തരത്തിൽ ഒരു ആശുപത്രി പ്രവർത്തന സജ്ജമാകുന്നത്.

## സിദ്ധ, യോഗ യൂണിറ്റുകൾ

സിദ്ധ യൂണിറ്റുകൾ നിലവിലില്ലാത്ത 8 ജില്ലകളിൽ പുതുതായി സിദ്ധ യൂണിറ്റുകളും, വിവിധ ജില്ലകളിൽ തിരഞ്ഞെടുത്ത ആശുപത്രികളിൽ യോഗ യൂണിറ്റുകളും ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ പുതുതായി ആരംഭിച്ചു

## ആയുർവേദത്തിന് അന്തർദേശീയ പേറ്റന്റ് സംരക്ഷണം

ആയുർവേദത്തിന് അന്തർദേശീയ പേറ്റന്റ് സംരക്ഷണം ലഭിക്കുന്നതിനായി ട്രഡീഷണൽ നോളഡ്ജ് ഇന്നൊവേഷൻ കേരളയും(TKIK), സി. എസ്. ഐ. ആർ & ട്രഡീഷണൽ നോളഡ്ജ് ഡിജിറ്റൽ ലൈബ്രറിയും (CSIR - TKDL) തമ്മിൽ ധാരണാ പത്രം ഒപ്പു വച്ചു. ഈ ധാരണാ പത്രം വഴി നമ്മുടെ വിജ്ഞാനം രാജ്യാന്തര തലത്തിൽ സംരക്ഷിക്കപ്പെടാനും, വ്യാജ പേറ്റന്റുകൾ തടയാനും ആയുർവേദത്തിൽ ഒരു 'കേരള ബ്രാൻഡ് ' ഉൽപ്പന്നങ്ങളുടെ ശ്രേണിക്ക് സാധ്യതയേറുകയും വിപണി ശക്തമാക്കുകയും ചെയ്യും.

## **ആയുഷ് വിദ്യാഭ്യാസം**

- ആയുർവേദത്തിലും, ഹോമിയോപ്പതിയിലും പുതിയ പി.ജി കോഴ്സുകൾ ആരംഭിച്ചു
- കേരളത്തിൽ ആദ്യമായി 4 ആയുർവേദ കോളേജുകളിൽ പുതിയ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ അനുവദിച്ചു
- യോഗ & നാച്ചുറോപ്പതിയിൽ പുതിയ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു
- ബി. എ. എം. എസ് കോഴ്സിന്റെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു
- തിരുവനന്തപുരം ആയുർവേദ കോളേജിൽ പുതിയ പേ -വാർഡ് ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചു.
- കണ്ണൂർ ആയുർവേദ കോളേജിനോടനുബന്ധിച്ച് പുതിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം പുരോഗമിക്കുന്നു.
- കണ്ണൂർ ആയുർവേദ കോളേജിൽ പുതിയ ഇ.എൻ.ടി ആശുപത്രി തുടങ്ങുന്നതിന് തുക അനുവദിച്ചു.
- ഹോമിയോ യു. ജി. പി. ജി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചു.

## ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ

കാൻസർ തുടങ്ങിയ ജീവിത ശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിന് മറ്റ് ചികിത്സാ സമ്പ്രദായങ്ങളായ നാച്ചുറോപ്പതി, യോഗ എന്നിവയെ കൂടി സംയോജിപ്പിച്ചുള്ള ചികിത്സാ രീതി ഹോമിയോപ്പതി മേഖലയിൽ നടപ്പിലാക്കി ഇതിന്റെ ഭാഗമായി ഹോമിയോപ്പതി, നാച്ചുറോപ്പതി, യോഗ എന്നിവയെ സംയോജിപ്പിച്ച്, 'ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ' എല്ലാ ജില്ലകളിലും ആരംഭിച്ചു

## ജനനി ( വന്ധ്യതാ നിവാരണ ചികിത്സാ പദ്ധതി )

കുട്ടികളില്ലാത്ത ദമ്പതികൾക്ക് സന്താന സൗഭാഗ്യം നൽകുന്ന ഹോമിയോപ്പതിയുടെ വന്ധ്യതാ നിവാരണ പദ്ധതിയായ ജനനിയുടെ സേവനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചു കണ്ണൂർ ജനനി സെന്ററിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ നടപടികൾ ആരംഭിച്ചു

## ഹോമിയോ ആശുപത്രികൾ NABH നിലവാരത്തിൽ ഉയർത്തൽ

സംസ്ഥാനത്ത് നിലവിലുള്ള 34 ഹോമിയോ ആശുപത്രികളിൽ 14 ആശുപത്രികളെ NABH നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

## പെയിൻ & പാലിയേറ്റിവ് കെയർ സെന്റർ

സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളോടുമനുബന്ധിച്ച് ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ചികിത്സാ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ (Pain & Palliative Care Centre) ആരംഭിച്ചു.

## ഔഷധി

- തൃശ്ശൂരിൽ അത്യാധുനിക രീതിയിലുള്ള പാക്കിംഗ് സംവിധാനം ആരംഭിച്ചു
- തിരുവനന്തപുരം മുട്ടത്തറയിൽ ഔഷധി സ്വന്തമായി വികസിപ്പിച്ചെടുത്ത ഔഷധങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു

## ഹോംകോ

ഹോമിയോ മരുന്ന് നിർമ്മാണ ശാലയായ ഹോംകോ അന്താരാഷ്ട്ര ഗുണ നിലവാര മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും പ്രവർത്തികൾ ആരംഭിക്കുകയു ചെയ്തു.

## സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്

- എല്ലാ വീട്ടിലും ഒരു വേപ്പും കറിവേപ്പും വിതരണം ചെയ്യുന്ന "ഗൃഹചൈതന്യം" പദ്ധതിക്ക് തുടക്കം കുറിച്ചു.
- 'ഗ്രാമീണം' പ്രോജക്റ്റ് മുഖേന ഔഷധ സസ്യ കൃഷി വ്യാപിപ്പിച്ചു.
- വിദ്യാലയങ്ങളിൽ 'ഔഷധ സസ്യ തോട്ടം' പദ്ധതി ആരംഭിച്ചു

സെക്ഷൻ ഓഫീസർ